കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വൈത്തിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ള്യു.വൈ.ഡി .പി1/809/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് ജില്ല

തീയതി: 01/12/2016

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

വൈത്തിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :വൈത്തിരി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ. വയനാട്.

3)കാര്യാലയ പകർപ്പ്.

നം .കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി1/809/16

തിയ്യതി:01/12/2016.

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക

വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.12.12.15 തിയ്യതി മുതൽ 10.11.16 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 26അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . ചക്രേശ്വര.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2016 മുതൽ<br>23.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.എസ്.വസന്ത<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.പി.ഷാജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | |
| | ശ്രീമതി ഇന്ദു കെ നായർ<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഗഗാറിൻ | 01.04.2015 മുതൽ<br>01.11.2015 വരെ |
| | ശ്രീമതി.വി.ഉഷാകുമാരി | 02.11.2015 മുതൽ<br>31.03.2016 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.രമ | 01.04.2015 മുതൽ<br>01.11.2015 വരെ |
| | ശ്രീ.യു.സി.ഗോപി | 02.11.2015 മുതൽ<br>31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | കുമാരി.പി.റ്റി.സബിത | 01.04.2015മുതൽ<br>01.11.2015 വരെ |
| | ശ്രീമതി.എൽസി ജോർജ്ജ് | 02.11.2015 മുതൽ<br>31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | ശ്രീമതി.ഉഷ ജ്യോതിദാസ് | 01.04.2015 മുതൽ<br>01.11.2015 വരെ |

| | | |
|---|---|---|
| | ശ്രീ.വിജേഷ്.വി.എം | 02.11.2015 മുതൽ<br>31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീ.കൃഷ്ണൻ കുട്ടി എം.പി | 01.04.2015 മുതൽ<br>01.11.2015 വരെ |
| | ശ്രീമതി.ഡോളി ജോസ് | 02.11.2015 മുതൽ<br>31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ജയമോഹനൻ | 01.04.2015 മുതൽ<br>30.04.2015 വരെ |
| സെക്രട്ടറി(ഇൻ-ചാർജ്ജ് ) | ശ്രീമതി.പി.കെ.ഇന്ദിര | 01.05.2015 മുതൽ<br>29.07.2015 വരെ |
| സെക്രട്ടറി | ശ്രീ.അരുൺ അലക്സാണ്ടർ | 31.07.15 മുതൽ<br>31.03.16 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച് സി,സുഗന്ധഗിരി) | ഡോ. പ്രസന്നകുമാർ.കെ.പി | 01.04.2015മുതൽ<br>31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സിസിലി.എം.എം | 01.04.2015 മുതൽ<br>31.03.2016 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.കെ.എൽ.തോമസ് | 01.04.2015 മുതൽ |

| | | |
|---|---|---|
| | | 08.02.2016വരെ |
| | ഡോ.സജി ജോസഫ് | 09.02.2016 മുതൽ 31.03.2016വരെ |
| വി ഇ ഒ | ശ്രീ.മുഹമ്മദ് നൗഫൽ | 01.04.2015 മുതൽ 28.12.2015 വരെ |
| | ശ്രീ. ബിനോദ് ആൻറണി | 29/12/2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഉഷാകുമാരി.പി.ആർ | 01.04.2015മുതൽ 31.03.2016 വരെ |
| അസി .എഞ്ചിനീയർ | ശ്രീ.ടി.അബ്ദുൾ നാസർ | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ (ജി.എൽ.പി.എസ്,ലക്കിടി) | ശ്രീമതി.മേരിക്കുട്ടി സക്കറിയാസ് | 01.04.2015 മുതൽ 30.05.2015 വരെ |
| | ശ്രീ.കെ.കെ.മുഹമ്മദ് | 03.06.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.ഷെറിൻ.ടി | 01.04.2015 മുതൽ 23.06.2015 വരെ |
| | ഡോ.നൗഫിറ.പി.കെ | 23.08.2015 മുതൽ |

| | | |
|---|---|---|
| | | 31.03.2016വരെ |
| അസി. സെക്രട്ടറി | ശ്രീമതി.പി.കെ.ഇന്ദിര | 01.04.2015 മുതൽ<br>31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | വസ്തു നികുതി ചുമത്തിയില്ല | 2-1 | |
| 13 | പരസ്യ നികുതി – ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-2 | |
| 14 | റഗുലറൈസേഷൻ ഫീ ഈടാക്കിയില്ല. | 2-3 | |
| 15 | തൊഴിൽ നികുതി – അപാകതകൾ | 2-4 | |
| 16 | വാടക ഡിമാൻറ് രജിസ്റ്റർ – രജിസ്റ്ററും, വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 2-5 | |
| | ഭാഗം-3 | | |
| 17 | മരുന്ന് വിതരണത്തിന് കാലതാമസം | 3-1 | |
| 18 | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടച്ചിട്ടില്ല. | 3-2 | |
| 19 | കംഫർട്ട് സ്റ്റേഷൻ വാട്ടർ ചാർജ്ജ് ഒടുക്കൽ – 17719/- രൂപ നിരാകരിക്കുന്നു. | 3-3 | |
| 20 | ലൈബ്രറി സെസ് അടക്കുന്നതിൽ കാലതാമസം | 3-4 | |

| | | | |
|---|---|---|---|
| | നേരിടുന്നു. | | |
| 21 | ടെക്നിക്കൽ അസിസ്റ്റൻറിന് ലീവ് സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല. | 3-5 | |
| 22 | ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 3-6 | |
| 23 | വെള്ളക്കരം തുക കൂടുതൽ അടച്ചു. | 3-7 | |
| 24 | മീഡിയാശ്രീ പദ്ധതി വിഹിതം നൽകൽ – ഡൊക്യുമെൻററി ചിത്രം, വിനിയോഗ വിവരം ലഭിച്ചിട്ടില്ല. | 3-8 | |
| 25 | സമഗ്ര കുരുമുളക് കൃഷി പ്രോത്സാഹനം – നടപടിക്രമങ്ങൾ സുതാര്യമല്ല. | 3-9 | |
| 26 | പശ്ചിമഘട്ട വികസന പദ്ധതി പ്രോജക്ടുകൾക്ക് പഞ്ചായത്ത് വിഹിതം നൽകൽ – പ്രോജക്ട് വിവരം ലഭ്യമാക്കിയിട്ടില്ല. | 3-10 | |
| 27 | റോഡ് കോൺക്രീറ്റ് പ്രവർത്തി – കുറവ് സിമൻറ് ഉപയോഗിച്ചു. | 3-11 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| | | | |
|---|---|---|---|
| 28 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1(1)/2016 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 2368915 | 27069381 | 24700466 | |
| വരവ് | 128150286 | 58296849 | | 69853437 |
| ആകെ | 130519201 | 85366230 | | 45152971 |
| ചെലവ് | 129434400 | 57449255 | | 71985145 |
| നീക്കിയിരുപ്പ് | 1084801 | 27916975 | 26832174 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 11.07.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22.11.2016 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27069381/- രൂപ |
| വരവ് | 58296849/- രൂപ |
| ആകെ | 85366230/- രൂപ |

| | |
|---|---|
| ചെലവ് | 57449255/- രൂപ |
| നീക്കിയിരിപ്പ്- | 27916975/- രൂപ |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2301000 | 8247959 | 10548959 | 10548959 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5228000 | 5228000 | 5228000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3856968 | 3856968 | 3856968 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2576000 | 2576000 | 2576000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2320000 | 2320000 | 1981940 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2947995 | 2947995 | 2947995 | 1087813 | 37 |
| ജനറൽ പർപസ് ഗ്രാന്റ് | 2979305 | 5435613 | 8414918 | 8414918 | 0 | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 54656132 | 102 | 32213577 | 26 | 43 | 84.7 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം രൂപ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11223640 | 11186294 | 37346 | 0.3 |
| നികുതിയേതര വരവുകൾ | 2173067 | 2592884 | 419817 | 16.19 |
| മറ്റുവരവുകൾ | 388637 | 362454 | 26183 | 7.14 |
| ആകെ | 13785344 | 14141632 | 356288 | 2.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 50 | 67800 |
| കർഷകതൊഴിലാളി പെൻഷൻ | 227 | 1732290 |
| വിധവാപെൻഷൻ | 804 | 8034160 |
| വാർദ്ധക്യകാലപെൻഷൻ | 1032 | 7997550 |
| വികലാംഗപെൻഷൻ | 189 | 1815990 |
| അവിവാഹിത പെൻഷൻ | 15 | 161720 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15281രൂപ(പതിനയ്യായിരത്തി ഇരുന്നൂറ്റി എൺപത്തിയൊന്ന് രൂപാ മാത്രം ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടുണ്ട്.തപാൽ വിതരണം കാര്യക്ഷമമാണ്. കൈപ്പറ്റിയവരുടെ ഒപ്പ് സഹിതം വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവ് ബുക്കുകൾ സൂക്ഷിക്കുന്നുണ്ട്. വിടുതൽ ചെയ്യപ്പെടുന്ന ജീവനക്കാർ ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ പ്രകാരം ഫയലുകളും, രജിസ്റ്ററുകളും കൈമാറുന്നുണ്ട്. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.2016&23.05.2016 | 2015-16 | 27.05.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.06.2014 മുതൽ 30.06.2014 | 2013-14വരെ | 11.09.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ചുമത്തിയില്ല

കേരള സംസ്ഥാന വനം-വന്യജീവി വകുപ്പും, പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റി സെന്റർ ഫോർ വൈൽഡ് ലൈഫും സംയുക്തമായി നടത്തുന്ന കുരങ്ങ് വന്ധ്യംകരണ പ്രോജക്ടിനു വേണ്ടി പഞ്ചായത്തിലെ 9-ാം വാർഡിൽ നിർമ്മിച്ച 88.62 ച.മീ കെട്ടിടത്തിന് 9/578A എന്ന കെട്ടിട നമ്പർ നൽകിയിട്ടുണ്ട് . എന്നാൽ ടി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല .

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 പ്രകാരം സംസ്ഥാന സർക്കാർ വക കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച കെട്ടിടത്തിന് വസ്തു നികുതി ചുമത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ മറുപടിയിൽ നികുതി നിർണ്ണയിച്ച് 2015-16 മുതലുള്ള നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-2 പരസ്യ നികുതി - ഓഡിറ്റ് നിരീക്ഷണങ്ങൾ

2015-16 വർഷത്തെ പരസ്യനികുതി അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1 . 26.02.2015 ൽ നടന്ന ലേലത്തിൽ ശ്രീ. സബീർ, ശ്രീ ആന്റണി എന്നവർ പങ്കെടുത്തിട്ടുണ്ടെങ്കിലും ശ്രീ. ആന്റണി എന്നവർ ലേലം വിളിച്ച തുകകൾ ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്തിന്റെ 03.02.2015 ലെ 5(1)/15 -ാം നമ്പർ തീരുമാന പ്രകാരം 2015-16, 2016-17 ലേക്കുള്ള പരസ്യ നികുതി 26.02.2015 ലേലം ചെയ്തു . പഞ്ചായത്തിന്റെ 28.02.2015 ലെ 3(1)/15 നമ്പർ തീരുമാന പ്രകാരം പരസ്യ നികുതി പിരിക്കുന്നതിന് ശ്രീ. സബീർ കണ്ണൂർ എന്നവർക്ക് നൽകാൻ തീരുമാനിക്കുകയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും, ശ്രീ. സബീറും തമ്മിൽ ഒപ്പുവെച്ച 3/15-16 /01.04.2015 കരാർ ഉടമ്പടി പ്രകാരം പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം 01.04.2015 മുതൽ 2 വർഷത്തേക്ക് നൽകിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 വകുപ്പ് 209 ഡി പ്രകാരം

(പരസ്യനികുതി പിരിക്കൽ) 209 -ാം പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏത് നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256 -ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും, കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതാണെന്ന മറുപടി തൃപ്തികരമല്ല.

## 2-3 റഗുലറൈസേഷൻ ഫീ ഈടാക്കിയില്ല.

ശ്രീ. എം .കെ നാരായണൻ എന്നവർ ഹാജരാക്കിയ പ്ലാൻ പ്രകാരം 4272.12 ച.മീ വിസ്തൃതിയുള്ള റിസോർട്ട് നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിരുന്നു ( പെർമിറ്റ് നം . 182/09-10 /15.01.2010 ). അതിൻ പ്രകാരം റിസോർട്ടിൽ 734.73 ച.മീ കോൺഫറൻസ് ഹാളാണ് നിർമ്മിക്കേണ്ടിയിരുന്നത്. എന്നാൽ 25.04.2015 ൽ ഹാജരാക്കിയ പൂർത്തീകരണ പ്ലാൻ പ്രകാരം 1160.47 ച.മീ ഏരിയ ഉള്ള റസ്റ്റോറന്റാണ് പണിതിട്ടുള്ളത്. അനുമതി നൽകിയതിൽ നിന്നും 425.74 ച.മീ അധികം പണിതിട്ടുണ്ട് .

2011 -ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137 ഉപ ചട്ടം 4 പ്രകാരം പണിയിൽ വ്യതിയാനം വരുത്തിയതിനോ, നിർമ്മാണത്തിൽ കൂട്ടിച്ചേർക്കൽ നടത്തിയതിനോ അപ്രകാരം വ്യതിയാനം വരുത്തിയതിന്റെയോ കൂട്ടിച്ചേർക്കൽ നടത്തിയതിന്റെയോ വിസ്തൃതി പരിഗണിച്ച് രാജിയാക്കൽ ഫീസ് കണക്കാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137 ഉപചട്ടം 4 പ്രകാരം രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കും. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരം ഗ്രൂപ്പ് A1 ൽ അല്ലാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് 7 രൂപയാണ്.

മേൽ ചട്ടങ്ങൾ പ്രകാരം 425.74 ച.മീറ്ററിന്റെ കൂട്ടിച്ചേർക്കൽ ക്രമവൽക്കരിക്കുന്നതിന് 425.74X 14 = 5960.36 രൂപ ഈടാക്കേണ്ടതാണ്. എന്നാൽ ക്രമവൽക്കരണ ഫീസ് ഈടാക്കില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനെ ( 7 /15-16തീയതി 17.11.2016) തുടർന്ന് 5964/- രൂപ ( 11606102609/17.11.2016 ) അടച്ച .

## 2-4 തൊഴിൽ നികുതി - അപാകതകൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുന്ന ഓരോ കമ്പനിയുടേയും, തൊഴിലിലോ , ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ നിർണ്ണയിക്കപ്പെട്ട

പരമാവധി നിരക്കുകളിൽ കവിയാതെ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. പഞ്ചായത്തിന്റെ 2015-16 വർഷങ്ങളിലെ തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ താഴെ പറയുന്ന തരത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

| ക്രമ നം | പേര് | സ്ഥാപനം | ആകെ ശമ്പളം | അടവാക്കിയ തുക | അടവാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ശ്രീ .അരുൺ . പി | KVASU , Director of Academics & Research , Pookode | 90,000 (2-ാം അർദ്ധവർഷം ) | 450 (11506101677/ 21.8.2015 ) | 750 | 300 |
| 2 | ശ്രീമതി സനില .പി.പി | “ | 60000 (2-ാം അർദ്ധവർഷം) | 300 (11506101677/ 21.8.2015 ) | 600 | 300 |
| ആകെ | | | | | | 600 |

2 . സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം. | വാർഡ് | സ്ഥാപനം | ഈടാക്കേണ്ട നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | IX/491-493 | ടി ടീസ് സർവീസ് വില്ല | 2500 (2015-16 രണ്ട് അർദ്ധവർഷങ്ങൾ) |
| 2 | XIII/ | റോയൽ ടൂറിസ്റ്റ് ഹോം | 2500 (2015-16 രണ്ട് അർദ്ധവർഷങ്ങൾ) |
| ആകെ | | | 5000 |

തൊഴിൽ നികുതി കുറവ് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മേൽ സൂചിപ്പിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നികുതി അടവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നികുതി അടവാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-5 വാടക ഡിമാന്റ് രജിസ്റ്റർ - രജിസ്റ്ററും , വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2015-16 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, തൻവർഷ ഡിമാന്റ്, കളക്ഷൻ തുകകൾ വാർഷിക കണക്കുമായി വ്യത്യാസമുള്ളതായി കണ്ടു . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എ.എഫ്.എസ് പ്രകാരം ( 2014-15 ) | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| വാടക (തൻവർഷം+ കുടിശ്ശിക ) | 35708+7554=43262 ( ഷെഡ്യൂൾ B-15 പ്രകാരം ) | 44304 (പേജ് നം 90 ) | 1042 |

| ഇനം | എ.എഫ്.എസ് പ്രകാരം(2015-16) | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| വാടക തൻവർഷം | 1140826 (ഷെഡ്യൂൾ I6 | 971727 (ഷെഡ്യൂൾ RP- | 1129510 (പേജ് നം 89 | 1121434 (പേജ് നം 89 , |

| | | | | |
|---|---|---|---|---|
| | പ്രകാരം) | 43 പ്രകാരം) | ,ക്രമ നം 2) | ക്രമ നം.5) |

| ഇനം | എ.എഫ്.എസ് പ്രകാരം ( 2015-16 , ഷെഡ്യൂൾ B15 ) | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| വാടക (തൻവർഷം+ കുടിശ്ശിക ) | 7099+13214=20313 | 22332 ( പേജ് നം 89 ,ക്രമ നം 7) | 2019 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്ന് വിതരണത്തിന് കാലതാമസം

2015-16വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി മരന്നുകൾ വാങ്ങുന്നതിന് തുക നൽകിയെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം - S-4/16

പ്രൊജക്ടിന്റെ പേര് - ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ

ഫണ്ട് ഇനം - മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്)

അടങ്കൽ - 2,00,000/-

ചെലവ് - 2,00,000/-

ബിൽനം/ തീയതി - 1/15-16തീയതി 09.02.16

തുക/ഡി.ഡി നം/തീയതി/ - 77010 തീയതി 09.02.2016

ഗവ:ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് തയ്യാറാക്കിയ മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് ഇൻഡന്റ് നൽകുകയും

ഹോംകോ ഹാജരാക്കിയ പ്രഫോർമ ഇൻവോയിസ് പ്രകാരം 2,00,000 രൂപ മാറി നൽകുകയും ചെയ്തിട്ടുണ്ട്. മേൽതുക 3.3.16 ന് കൈപ്പറ്റ് രസീത് നം.1303 പ്രകാരം സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതി (18.11.2016) വരെ മരന്ന് വിതരണം ചെയ്തിട്ടില്ല. ആവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 12 /15-16 /17.11.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്ന് സമയത്തിന് ലഭ്യമാക്കുന്നതിന് പ്രസ്തുത സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടച്ചിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഇടപാടുകൾ നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ തുക ബാക്കി നിലനിൽക്കുന്നു.ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| മാസം | വരവ് | ചെലവ് |
|---|---|---|
| 8/15 | 601272 | 601272 |
| 10/15 | 450842 | 450842 |
| 11/15 | 240632 | 240632 |
| 12/15 | 146644 | 134379 |
| 1/16 | 89610 | 92962 |
| 2/16 | 250000 | 250000 |
| 3/16 | 925599 | 925599 |
| ആകെ | 2704599 | 2695686 |

വ്യത്യാസം-8913/-രൂപ കേരള ഗ്രാമീണ ബാങ്ക് വൈത്തിരി ശാഖയിലെ

അക്കൗണ്ട് നം.40130100107292 ൽ നിക്ഷേപിച്ചിട്ടുണ്ട്.മേൽ തുക തിരിച്ചടയ്ക്കണമെന്ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 13 /15-16/ 17.11.16 ന് മറുപടി നൽകിയിട്ടില്ല.തുക സഞ്ചിത നിധിയിലേക്ക് ഒടുക്കി ഓഡിറ്റിന് വിവരം നൽകേണ്ടതാണ്.

## 3-3 കംഫർട്ട് സ്റ്റേഷൻ വാട്ടർ ചാർജ്ജ് ഒടുക്കൽ-17,719 രൂപ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ കംഫർട്ട് സ്റ്റേഷന്റെ വെള്ളക്കരം ഇനത്തിൽ 17,719 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്.വൗച്ചർ നം.21500867/8.3.16-17,719/-കേരള വാട്ടർ അതോറിറ്റിയുടെ 16.2.16 ലെ 16730001 ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ടതിനാൽ 17719 രൂപ വാട്ടർ അതോറിറ്റിയിൽ 29.02.16 ലെ പഞ്ചായത്ത് തീരുമാനം നം.7(1)/16 പ്രകാരം അടച്ചിട്ടുണ്ട്.കംഫർട്ട് സ്റ്റേഷൻ ലേലം കൊണ്ട സമയത്ത് ഗ്രാമപഞ്ചായത്ത് ലേലക്കാരനുമായി എഗ്രിമെന്റ് വെച്ചതിന്റെ വിവരം നൽകിയിട്ടില്ല.എന്നാഇനത്തിൽ 2015-16 ൽ കംഫർട്ട് സ്റ്റേഷനിൽ നിന്നും വരവ് ഇല്ല.മുൻ വർഷത്തെ മുൻകൂർ തുക 3000 രൂപ ക്രമീകരിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്.ലേലക്കാരൻ അടക്കേണ്ട തുക ഗ്രാമപഞ്ചായത്ത് അടച്ചത് ശരിയായ നടപടിയല്ല.ഇപ്രകാരം തെറ്റായ തീരുമാനമെടുത്ത് 17719 രൂപ അടച്ച ഭരണസമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 ലൈബ്രറി സെസ് അടക്കുന്നതിൽ കാലതാമസം നേരിടുന്നു.

ത.സ്വ.ഭ.വകുപ്പിന്റെ 20.5.05 ലെസർക്കുലർ നം.10088/L3/05/ത.സ്വ.ഭ.വ പ്രകാരം ഒരു സാമ്പത്തിക വർഷം വസ്തു നികുതിയിൽ നിന്നും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക രണ്ട് ഗഡുക്കളയി സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കേണ്ടതാണ്. 2015-16 വർഷത്തെ ലൈബ്രറി സെസ്സ് അടവ് വരുത്തിയതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

വൗച്ചർ നം. – 21500272/7.8.15-4,51,313/-

ഡി.ഡി. നം. – 532334/10.8.15

ലൈബ്രറി സെസ്സ് ഒടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 3-5 ടെക്നിക്കൽ അസിസ്റ്റന്റിന് ലീവ് സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല.

കേരള സർവ്വീസ് ചട്ടങ്ങൾ പാലിക്കാതെ കോൺട്രാക്ട് ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചു.

വൗച്ചർ നം. - 21500998/31.3.16-9,000

ടെക്നിക്കൽ അസിസ്റ്റന്റിന് 20 ദിവസത്തെആർജ്ജിതാവധി സറണ്ടർ ചെയ്തതിന് 9000 രൂപ അനുവദിച്ചിട്ടുണ്ട്. കേരള സർവ്വീസ് ചട്ടങ്ങളിലെ അപ്പൻഡിക്സ്-VIII പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതനായ ഉദ്യോഗസ്ഥന് 15 ദിവസത്തെ ആർജ്ജിതാവധിക്ക് മാത്രമാണ് അർഹത.അധികം വാങ്ങിയ തുക 2250 രൂപ ഈടാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/15-16/ 17.11.16 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.09.2015 ലെ എ2-5146/15 നം കത്ത് പ്രകാരം നൽകിയ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിലാണ് നൽകിയതെന്ന മറുപടി ലഭിച്ചിട്ടുണ്ട്. കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ തുക തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

ലോഗ് ബുക്കിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല. കസ്റ്റോഡിയൻ ഓഫീസർ ഇവ പരിശോധിക്കുന്നില്ല. ഉദാ-1/11/15 മുതൽ 19.11.15 വരെയുള്ള ലോഗ് ബുക്ക് പരിശോധനയിൽ പ്രസിഡണ്ട് യാത്ര ചെയ്ത വിവരം മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ ക്ലാർക്ക്, സെക്രട്ടറി, ജെ.എസ് എന്നിവർ യാത്ര ചെയ്തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മാസാവസാനവും ഇന്ധനം ഉപയോഗിച്ചതിന്റെ വിവരം, യാത്ര ചെയ്ത ദൂരം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-7 വെള്ളക്കരം തുക കൂടുതൽ അടച്ചു.

2015-16 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം ഇനത്തിൽ 114 ടാപ്പുകൾക്ക് പ്രതിമാസം 49,875 രൂപ നിരക്കിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.വെള്ളക്കരം മാർഗ്ഗരേഖ പ്രകാരം (ജി.ഒ (ആർ.ടി).1501/2006 /ത.സ്വ.ഭ.വ തീയ്യതി 23.06.2006 പ്രകാരം കേരള വാട്ടർ അതോറിറ്റിയും

ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തേണ്ടതാണ്. 12.10.2015 ന് സംയുക്ത പരിശോധന നടത്തിയതിൽ നിലവിൽ 111 ടാപ്പുകൾ നിലവിലുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധനയ്ക്ക് ശേഷവും വാട്ടർ അതോറിറ്റി 114 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഈ തുക തന്നെ ഒടുക്കുകയും ചെയ്തിട്ടുണ്ട്. അധികം ടാപ്പുകളുടെ വെള്ളക്കരം അടച്ചതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ - 23 /15-16/22.11.16 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അധികം അടച്ച വെള്ളക്കരം തുടർമാസങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 3-8 മീഡിയാശ്രീ പദ്ധതി വിഹിതം നൽകൽ-ഡോക്യുമെന്ററി ചിത്രം,വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

പ്രൊജക്ട് നം - S-3/16

പ്രൊജക്ടിന്റെ പേര് - മീഡിയാശ്രീ പദ്ധതി വിഹിതം നൽകൽ

ഫണ്ട് ഇനം - വികസന ഫണ്ട്(ജനറൽ)

അടങ്കൽ - 65,000/-

ചെലവ് - 65,000/-

ബിൽനം/ തീയതി - 9/15-16തീയതി 09.02.16

തുക/ഡി.ഡി നം/തീയതി/ - 532378 തീയതി 20.10.2015

സർക്കാർ ഉത്തരവ്(സാധാ).3206/2014/ത.സ്വ.ഭ.വ തീയ്യതി 5.12.14 പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണ സമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65,000/- രൂപ കുടുംബശ്രീ എക്സി.ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ വിവരം, ഡോക്യുമെന്ററി ചിത്രം ലഭ്യമായതിന്റെ വിവരം എന്നിവ ഓഡിറ്റിന് നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 65,000/- തടസ്സപ്പെടുത്തുന്നു.

## 3-9 സമഗ്ര കുരുമുളക് കൃഷി പ്രോത്സാഹനം-നടപടി ക്രമങ്ങൾ സുതാര്യമല്ല.

കുരുമുളക് കൃഷി വ്യാപനം എന്ന ലക്ഷ്യമാണ് പ്രസ്തുത പ്രോജക്ട്കൊണ്ട് ഉദ്ധേശിക്കുന്നത്. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ഹെക്ടറിന് ആനുപാതികമായി കുരുമുളക് തൈ, വളം (കുമ്മായം, വേപ്പിൻ പിണ്ണാക്ക്) എന്നിവ വാങ്ങുന്നതിന് 75% സബ്സീഡി നൽകൽ. തൻ വർഷം നടപ്പാക്കിയ സമഗ്ര കുരുമുളക് കൃഷി പ്രോത്സാഹന പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ട് നം. | 9/16 |
| പ്രോജക്ടിന്റെ പേര് | സമഗ്ര കുരുമുളക് കൃഷി പ്രോത്സാഹനം(ജനറൽ) |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 6,87,500/ രൂപ. (5,00,000പ്ലാൻ ജനറൽ+1,87,500/രൂപ ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ബിൽ നം.1/29-9-15 -1,40,625/രൂപ ,ബിൽ നം. 2/29-9-15 തുക 3,59,375/ രൂപആകെ 5,00,000/ രൂപ |

31.25 ഹെക്ടർ കൃഷി ചെയ്യുതിന് കുരുമുളക് വള്ളിയും, വളവും(വേപ്പിൻ പിണ്ണാക്കും, കുമ്മായവും) ഗുണഭോക്താക്കൾക്ക് പതിനാല് വാർഡുകളിലെ പാടശേഖര സമിതി മുഖേനയാണ് നൽകിയത്. (വളംആഗ്രോ ഇന്റഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും, തൈ പിരിയാമ്മക്കൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്)

ബി

| | |
|---|---|
| പ്രോജക്ട് നം. | 128/16 |
| പ്രോജക്ടിന്റെ പേര് | സമഗ്ര കുരുമുളക് കൃഷി പ്രോത്സാഹനം(എസ് .സി.പി) |

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 6,87,500/ രൂപ. (5,00,000പ്ലാൻ എസ് സി പി+1,87,500/രൂപ ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 2,56,000/ രൂപ . ബിൽ നം. 3/22-2-2016 |

16ഹെക്ടർ കൃഷി ചെയ്തു.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗുണഭോക്തൃ വിഹിതം സമിതി സ്വരൂപിക്കുന്ന രീതി ശരിയല്ല. വിഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ ഒടുക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിക്കുകയോ ചെയ്യുന്നെങ്കിൽ മാത്രമേ പ്രോജക്ടിന്റെ സുതാര്യത ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. ഗുണഭോക്തൃ വിഹിതം സമിതി പിരിച്ചെടുത്തതിന് രേഖസൂക്ഷിക്കുന്നില്ല. അതിനാൽ കൃത്യത വിലയിരുത്താൻ കഴിയുന്നില്ല. ഗുണഭോക്താക്കൾ നേരിട് വാങ്ങി ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് സബ്സീഡി അനുബന്ധ അകൗണ്ടിലേയ്ക്ക് നൽകാവുന്ന രീതി അവലംബിക്കേണ്ടതാണ്.

## 3-10 പഞ്ചിമഘട്ട വികസന പദ്ധതി പ്രോജക്ടുകൾക്ക് പഞ്ചായത്ത് വിഹിതം നൽകൽ-പ്രോജക്ട് വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 8/16 |
| പ്രോജക്ടിന്റെ പേര് | പഞ്ചിമഘട്ട വികസന പദ്ധതി പ്രോജക്ടുകൾക്ക് പഞ്ചായത്ത് വിഹിതം |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 6,82,747/- രൂപ. പ്ലാൻ ജനറൽ |
| ചെലവ് | 6,82,747/- രൂപ. ബിൽ നം. 4/22-2-2016 |

പഞ്ചായത്തിന്റെ പരിതിയിലെ ശ്രീപുരം കാപ്പം കുന്ന്, തളിപ്പുഴ നീർത്തട പദ്ധതികൾക്ക് ആകെ അടങ്കലിന്റെ 10% പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. അതായത് 6,82,747/- രൂപ. പ്രസ്തുത തുകയിൽ 5,23,248/- രൂപ (ശ്രീപുരം കാപ്പം കുന്ന് നീർത്തട പദ്ധതിയ്ക്ക്) കൃഷി ഓഫീസറുടെയും, പ്രസിഡണ്ടിന്റേയും സംയുക്ത അക്കൗണ്ടായ ചുണ്ടേൽ കനാറ ബാങ്ക് അക്കൗണ്ടിലേയ്ക്കും,(074610102 2542) 1,59,499/- രൂപ (തളിപ്പുഴ നീർത്തട പദ്ധതിയ്ക്ക്) കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേയ്ക്കു (40130101004359) മായി ആകെ നൽകിയ തുക 6,82,747/- രൂപ. അനുബന്ധ അക്കൗണ്ട് പരിശോധിച്ചതിൽ ചുവടെപ്പറയും വിധം തുക അവശേഷിക്കുന്നു.

1. 0746101022542- ചുണ്ടേൽ കനാറ ബാങ്ക് അക്കൗണ്ട്- അവശേഷിക്കുന്ന തുക -38,28,496/- രൂപ (1-11-2016ന്)

   1. 40130101004359 – കേരള ഗ്രാമീൺ അക്കൗണ്ട് – അവശേഷിക്കുന്ന തുക-16,10,701/- രൂപ (31-10-2016ന്). തുടർന്ന് അക്കൗണ്ടുകളിൽ ഇടപാടുകൾ നടക്കുന്നില്ല.

   ആയതിനാൽ പദ്ധതികളുടെ നിലവിലെ സ്ഥിതി, പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെയും, (പദ്ധതികളുടെ പ്രോജക്ട്) നാളിതുവരെയുള്ള ചെലവിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/11-11-2016) മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്ത് വിഹിതമായി നൽകിയ 6,82,747/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 <u>റോഡ് കോൺക്രീറ്റ് പ്രവൃത്തി- കുറവ് സിമന്റ് ഉപയോഗിച്ചു.</u>

ഗ്രാമപഞ്ചായത്ത്2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയ്ക്ക് ആനുപാതികമായി സിമന്റ് ഉപയോഗിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 71/16 |
| പ്രവൃത്തിയുടെ പേര് | ചെമ്പട്ടി കോളനി റോഡ് കോൺക്രീറ്റ്. |
| വകയിരുത്തിയ തുക | 2,00,000/രൂപ പ്ലാൻ-ടി എസ് പി. |
| ഫണ്ട് | പ്ലാൻ-ടി എസ് പി. |
| ചെലവ് | 2,00,000/രൂപ |

| | |
|---|---|
| സാങ്കേതിക അനുമതി | 1250/14-15തിയ്യതി 10-3-15 |
| ബിൽ നമ്പർ | 18/8-11-15 |
| കൺവീനർ | ബാലൻ ചുണ്ടേൽ |
| എഗ്രിമെന്റ് നം | 76/14-15 തിയ്യതി 21-3-2015 |
| വാർഡ് നം. | 1 |
| എം ബുക്ക് നം | 53/13-14 |

അളവ് പുസ്തകപ്രകാരം ചെയ്ത വൃത്തിയ്ക്ക് ആവശ്യമായ സിമന്റിന്റെ അളവും, ഗുണഭോക്തൃ സമിതിയുടെ ചെലവ് കണക്കുകൾ പ്രകാരം വാങ്ങിയതും,അംഗീകരിച്ചതുമായ സിമന്റിന്റെ അളവും (ക്വിന്റൽ) ചുവടെ ചേർക്കുന്നു.

| ഇനം | അളവ് പുസ്തകപ്രകാരം ചെയ്ത അളവ് | ആവശ്യമായസിമന്റ് (ക്വിന്റലിൽ) | സമിതിവാങ്ങിയതും അംഗീകരിച്ചതുമായ സിമന്റിന്റ അളവ് |
|---|---|---|---|
| 40എംഎംമെറ്റൽഉപയോഗിച്ച്1:4:8 ആനുപാതത്തിൽസിമന്റ് കോൺക്രീറ്റ് | 19.6 M3 | 19.6 x1.71=33.52 | 62.26ക്വിന്റൽ (124.52ബാഗ്) |
| 20എംഎംമെറ്റൽഉപയോഗിച്ച് 1:2:4ആനുപാതത്തിൽസിമന്റ് കോൺക്രീറ്റ് | 8710dM3 | 8710x.0033=28.74 | |
| കുറവ് | 62.26ക്വിന്റൽ(33.52+28.74)-47.5 (95kg)=14.76ക്വിന്റൽ | | |

<u>ബിൽ പ്രകാരം ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ ആകെ ചെലവ്</u>

| | |
|---|---|
| 1:4:8 using 40mm | 19.6M3x@5081/M3=99,587.60 |
| 1:2:4using 40mm | 8710dM3x@71/10dM3=61,841 |
| ആകെ | 1,61,429/ |

<u>കുറവുള്ളസിമന്റിന്റെ ശതമാനം ചുവടെ ചേർക്കുന്നു.</u>

| | |
|---|---|
| കുറവുള്ളസിമന്റിന്റെ ശതമാനം | (14.76x100)/62.26=23.70% |
| കുറവ് വന്ന സിമന്റിന് ആനുപാതികമായ ചെലവ് | 1,61,429 x23.70%=38,259 |

കൺവീനറുടെ വരവ് ചെലവ് രജിസ്റ്റർ പരിശോധിച്ചതിൽ, സിമന്റിന്റെ വിലയായി ടിയാൻ വാങ്ങിയ ബിൽ പ്രകാരമുള്ള തുക തന്നെയാണ് അംഗീകരിച്ചിട്ടുള്ളതും. ആയതിനാൽ കുറവ് വന്ന സിമന്റിന് ആനുപാതികമായ ചെലവ് 38,259/- രൂപ ഓഡിറ്റിൽ അനുവദനീയമല്ല.

## 3-12 പൊതുമരാമത്ത് പ്രവൃത്തി- വെറ്ററിനറി ഹോസ്പിറ്റൽ നവീകരണം-പ്രവൃത്തി നടത്തിപ്പിലെ അപാകത.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | പ്രോജക്ട് വെച്ചിട്ടില്ല (ഡിപ്പാർട്ട് മെന്റ് ഫണ്ട് ആയതിനാൽ) |
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ഹോസ്പിറ്റൽ നവീകരണം |
| റ്റി എസ് നം. | 724/14-15 തിയ്യതി 09-09-2013 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 8,50,000/- രൂപ ഡിപ്പാർട്ട്മെന്റ് ഫണ്ട് |
| ചെലവ് | 8,50,000 /- രൂപ ബിൽ നം. [ഡിഡി നമ്പർ 009353/22-9-15) വൗച്ചർ നം.28/1-10-15 |
| അളവ് പുസ്തകം | 16/15-16(പേജുകൾ 01-50) |
| കരാറുകാരൻ | ശ്രീ. ഷിഹാബ് കെ.കെ |
| കരാർ നമ്പർ | രേഖപ്പെടുത്തിയിട്ടില്ല. |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ;- നിലവിലുള്ള കെട്ടിടം കാലപ്പഴക്കത്താൽ

ദ്രവിച്ചതും, ചോർന്നോലിക്കുന്നതുമായതിനാൽ കെട്ടിടത്തിന്റെ പുറക് വശം ചേർന്ന് ഓഫീസ് റൂം, സിറ്റൗട്ട്, ഹാൾ, ടോയ് ലറ്റ് എന്നിവ നിർമ്മിക്കൽ.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയ്ക്ക് 8-01-2014 ന് ചുവടെ പറയുന്ന ടെണ്ടറുകൾ ലഭിച്ചു

| ക്രമ നമ്പർ | കരാറുകാരൻ | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | വി.കെ ഹംസബാവ | 5.1% കുറവ് |
| 2 | ഓ.കെ മൊയ്തീൻ | 1.5%കുറവ് |
| 3 | ഷിഹാബ്.കെ.കെ | 3.3%കുറവ് |

മേൽപ്പടി ടെണ്ടറുകൾ മതിയായ ഇ എം ഡി യില്ല എന്ന കാരണത്താൽ അസി. എൻജിനിയർ നിരസിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വി.കെ ഹംസബാവ എന്ന കരാറുകാരൻ ഇ എം ഡി തുക (20,000) തിരിച്ചു നൽകുവാൻ 3-2-201ന് രേഖമൂലം ആവശ്യപ്പെട്ടതിന്റേയും, ഇ എം ഡി തിരികെ നൽകിയതിന്റേയും രേഖ ഫയലിലുണ്ട്.

5.1% കുറവ് ക്വാട്ട് ചെയ്ത ടെണ്ടർ സ്വീകരിക്കാതെ സി.എം ബാലൻ എന്ന കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നൽകി (3-2-14 ലെ ടെണ്ടറിൽ) ടിയാന്റെ ടെണ്ടർ ഫോറത്തിൽ റീ-ടെണ്ടർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റീ-ടെണ്ടർ നടത്തിയതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ കുറവ് ക്വാട്ട്ചെയ്ത മേൽപ്പടി കരാറുകാരും, റീ-ടെണ്ടറിൽ പങ്കെടുത്തോ എന്ന് വ്യക്തമല്ല.

എസ്റ്റിമേറ്റ്നിരക്കിൽ പ്രവൃത്തി നൽകുന്നതിന് വേണ്ടി കുറവ് ക്വാട്ട്ചെയ്ത മൂന്ന് ടെണ്ടറുകളും നിരസിച്ചത് അംഗീകരിക്കാവുന്നതല്ല. അതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം 43,350/രൂപ ആകെ (പ്രവൃത്തി മൂല്യം – 8,50,000/- ആയതിന്റെ 5.1% കുറവ് = 43,350/രൂപ ഉത്തരവാദിയായവരിൽ നിന്നും ഇടാക്കേണ്ടതാണ്.

പ്രസ്തുത കെട്ടിടം നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല. കാരണം കെട്ടിടം തീരെ സൗകര്യം പോര എന്നാണ് വെറ്ററിനറി സർജൻ ഓഡിറ്റിൽ നേരിട്ടറിയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്താണ്.

## 3-13 എഗ്രിമെന്റ് വെക്കാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ | എസ് 85/15 |

| | |
|---|---|
| നമ്പർ | |
| പ്രോജക്ടിന്റെ പേര് | വെള്ളം കൊല്ലി കോളനി റോഡ് കോൺക്രീറ്റ്. |
| റ്റി എസ് നം. | 126/14-15 തിയ്യതി 02-08-2014 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 2,50,000/- രൂപ പ്ലാൻ ജനറൽ |
| ചെലവ് | 2,50,000 /- രൂപ ബിൽ നം. 7/17-8-15 |
| അളവ് പുസ്തകം | 13/15-16 (പേജുകൾ 01-6) |
| കരാറുകാരൻ | ശ്രീ. ഷിഹാബ് കെ.കെ |
| കരാർ നമ്പർ | രേഖപ്പെടുത്തിയിട്ടില്ല. |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ;- 63 മീറ്റർ നീളത്തിലും, 2.90 മീറ്റർ വീതിയിലും 0.10 മീറ്റർ കനത്തിലും മണ്ണെടുക്കൽ, അതിനു മുകളിൽ 1:4:8 അനുപാതത്തിലും1:2:4 അനുപാതത്തിലും സിമന്റ് കോൺക്രീറ്റ്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ പറയുന്നു.

എഗ്രിമെന്റിൽ യാതൊരു വിധ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. (എഗ്രിമെന്റ് നമ്പർ, കരാറുകാരനെ സംബന്ധിക്കുന്ന വിവരങ്ങൾ) എന്നാൽ കരാർ പത്രം വൈത്തിരി സബ് ട്രഷറിയിൽ നിന്നും വാങ്ങിയ തിയ്യതി (15-12-2014) രേഖപ്പെടുത്തിയിട്ടുണ്ട്.

ടെണ്ടർ സ്വീകരിച്ചത് 27/8/14. ആയത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് (4-9-14 ലെ1(1)/14- നമ്പർ തീരുമാനപ്രകാരം) 27/8/14 ൽ ടെണ്ടർ സ്വീകരിച്ചെങ്കിലും, സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല. എഗ്രിമെന്റിൽ രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ എന്ന് എഗ്രിമെന്റ് വെച്ചു എന്ന് വ്യക്തമല്ല. എന്നാൽ കരാർ പത്രം വാങ്ങിയത് 15-12-2014 ആണ്. ആയതിനാൽ എഗ്രിമെന്റ് വെയ്ക്കാൻ കാലതാമസം നേരിട്ടിട്ടുണ്ട്എ ന്ന് വ്യക്തമാണ്. മാത്രമല്ല പ്രവൃത്തിയുടെ

പൂർത്തികരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ് കൈമാറിയ തിയ്യതി മുതൽക്കാണ് പൂർത്തികരണ കാലാവധി കണക്കാക്കമെങ്കിലും, സൈറ്റ് കൈമാറൽ നടത്തിയിട്ടില്ല. എം ബുക്ക പരിശോധിച്ചതിൽ ചെക്ക് മെഷർ നടത്തിയ തിയ്യതി 5-5-16.

എഗ്രിമെന്റ് വെയ്ക്കാൻ കാലതാമസം നേരിട്ടതിനും, പൂർത്തികരണത്തിന് കാലതാമസം വന്നതിനും ഫൈനൽ ബില്ലിൽ നിന്നും, പിഴ ഈടാക്കിയിട്ടില്ല. അതിനാൽ ചുവടെപ്പറയും വിധം പിഴ കണക്കാക്കാവുന്നതാണ്.

എഗ്രിമെന്റ് വെയ്ക്കാൻ കാലതാമസം -പി എ സി (2,44,019 ) യുടെ 1% പിഴ= 2,440/- രൂപ. ടെണ്ടർ നടപടിക്രമങ്ങൾ സുതാര്യമല്ലാത്തതിനാൽ 2,47,560/- രൂപ (2,50,000/- – 2,440/-) തടസ്സപ്പെടുത്തുന്നു.

## 3-14 മെറ്റൽ അധികം അട്ടിയിട്ടു-മുഴുവൻ തുകയും നൽകി-നഷ്ടം 10,282/രൂപ.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 242/16 |
| പ്രോജക്ടിന്റെ പേര് | നരിക്കോട്ട് മുക്ക് -കോളിച്ചാൽ റോഡ് പുനരുദ്ധാരണം |
| റ്റി എസ് നം. | 1249/14-15 തിയ്യതി 13-3-2015 |
| നിർവ്വഹണം | അസി. എഞ്ചിനിയർ. |
| അടങ്കൽ | 3,20,000/- രൂപ പ്ലാൻ ജനറൽ |
| ചെലവ് | 3,15,283/- രൂപ.<br>ബിൽ നം.49 /30-3-2016 |
| അളവ് പുസ്തകം | 245/15-16,257/15-16 |

| | |
|---|---|
| കൺവീനർ | ശ്രീ. കെ.സി അറുമുഖൻ |
| കരാർ നമ്പർ | 83/14-15 തിയ്യതി - 131-3-2015 |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി :- 250 മീറ്റർ നീളത്തിലും, 3 മീറ്റർ വീതിയിലും, ഉള്ള റോഡിന് ആവശ്യമായ മെറ്റൽ സ്റ്റാക്കിംഗ് (60mm,36mm,12mm,6mm) പൊട്ടിപൊളിഞ്ഞ ഭാഗം 36 mm മെറ്റൽ ഉപയോഗിച്ച് തികത്തൽ, 36 mm മെറ്റൽ ഉപയോഗിച്ച് ലെവലിംഗ്, ടാറിംഗ് ഫയൽ പരിശോധിച്ചതിൽ, എം ബുക്കിൽ ഐറ്റം നംമ്പർ രണ്ടായി 36mm മെറ്റൽ 20.25m3 അട്ടിയിട്ടിട്ടുണ്ട്. ആയതിന് m3 ന് 1337/- രൂപ നിരക്കിൽ 27,074.25/- രൂപ ചെലവ് വന്നിട്ടുണ്ട്.

അട്ടിയിട്ട മെറ്റലുപയോഗിച്ച് ഐറ്റം നമ്പർ 8 ആയി പോട്ട് ഹോൽ ഫില്ലിംഗ് നടത്തിയ ഏരിയ 10.53 m3. അവശേഷിക്കുന്ന മെറ്റൽ 9.72 m3.(20.25m3 -10.53 m3 ) ഐറ്റം നംമ്പർ 9 ആയി 2.03 m3 levelling undulationപ്രവൃത്തി നടത്തിയിട്ടുണ്ട്. ആയതിനാൽ ഐറ്റം നംമ്പർ 9, 8 പ്രവൃത്തിയ്ക്കായി ആവശ്യമായ മെറ്റൽ 12.56 m3 (10.53 m3+
2.03m3) അധികം സ്റ്റാക്ക് ചെയ്ത 7.69 m3 മെറ്റൽ വില 10,282/-രൂപ. ഓഡിറ്റിൽ അനുവദനീയമല്ല.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത.

കൺവീനർ വരവ് ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. ടാർ, മെറ്റൽ എന്നിവയുടെ അഡിക്വസി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 കൺവീനർ അംഗീകരിച്ചതുകയിലും അധികം നൽകി.

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ | 242/16 |
| പ്രോജക്റ്റിന്റെ പേര് | പഴയ മിച്ചഭൂമി റോഡ് കോൺക്രീറ്റ് |
| റ്റി എസ് നം. | 35/14-15 തിയ്യതി 2-8-2014 |
| നിർവ്വഹണം | അസി. എഞ്ചിനിയർ. |

| | |
|---|---|
| അടങ്കൽ | 2,00,000/- രൂപ പ്ലാൻ ജനറൽ |
| ചെലവ് | 2,00,000/രൂപ.<br>ബിൽ നം.45 /28-3-2016 |
| അളവ് പുസ്തകം | 73/15-16, |
| കൺവീനർ | ശ്രീ. വി.സി ഷറഫുദ്ദീൻ |
| കരാർ നമ്പർ | 51/14-15 തിയ്യതി- 28-1-2015 |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി :- 115 മീറ്റർ നീളത്തിലും, 2.40 മീറ്റർ വീതിയിലും, 0.10 മീറ്റർ കനത്തിലും മണ്ണെടുക്കൽ, അതിനുമുകളിൽ 1:4:8 അനുപാതത്തിൽ 0.10 മീറ്റർ കനത്തിൽ സിമന്റ് കോൺക്രീറ്റ്, അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 0.075മീറ്റർ കനത്തിൽ സിമന്റ് കോൺക്രീറ്റ്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ.

ഫൈനൽ ബിൽ പ്രകാരം ആകെ ചെലവ് 2,00,000/- രൂപ. എന്നാൽ കൺവീനറുടെ വരവ് ചെലവ് കണക്ക് പ്രകാരം അംഗീകരിച്ച തുക70,990/- രൂപ. കൺവീനർ അംഗീകരിച്ച ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | രേഖപ്പെടുത്തിയ തുക |
|---|---|---|
| ക്വാറിപ്പൊടി | 420അടി | 10,500 |
| 20mmമെറ്റൽ | 220അടി | 9,900 |
| മണൽ | 110അടി | 6,600 |
| കൂലി | - | 24,900 |
| സിമന്റ് | 46 | 19,090 |
| ആകെ | | 70,990 |

ഫയലിൽ പരിശോധിച്ചതിൽ വൗച്ചർ പ്രകാരമുള്ള സാധനസാമഗ്രികളും, അവയുടെ വിലവിവരവും ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | രേഖപ്പെടുത്തിയ തുക |
|---|---|---|
| 20mmമെറ്റൽ | 450 അടി | 20250 |

| | | |
|---|---|---|
| മണൽ | 6,00 അടി | 36000 |
| കൂലി | - | 61,200 |
| സിമന്റ് | 170 ബാഗ് | 69,700 |
| 40mmമെറ്റൽ | 750 അടി | 30,000 |
| ആകെ | | 2,17,150 |

ഗുണഭോക്തൃ സമിതി മാർഗ്ഗരേഖപ്രകാരം എഞ്ചിനിയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക്,കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, എതാണ് കുറവ് അതാണ് ഗുണഭോക്തൃ സമിതിയ്ക്ക് നൽകേണ്ടത്. എന്നാൽ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയേക്കാൾ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | 1,25,000 | 12/16 ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം | 125000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം എസ് ലോൺ | സ.ഉ(സ) നം224/2010 തസ്വഭവ തീയതി:21.1.10 | 1,50,00,000 | 75,00,000 | 43,83,786 | ഇല്ല | 31,16,214 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2015-16 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 257506 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 257506 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 282613 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വയനാട് ജില്ലാ സഹ.ബാങ്ക്, ചുണ്ടേൽ<br>നം.SL-65295 | 282613 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 244661/- രൂപ ഈടാക്കിയിട്ടുണ്ട്. തുക ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,82,96,849/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,74,49,255/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 5,600/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,11,860 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,95,307/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 5600 | - | ശ്രീ.അരുൺ അലക്സാണ്ടർ,സെക്രട്ടറി |
| 3-3 | | 17,719 | ശ്രീ.അരുൺ അലക്സാണ്ടർ,സെക്രട്ടറി,പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ |
| 3-5 | | 2250 | ശ്രീ.അരുൺ അലക്സാണ്ടർ,സെക്രട്ടറി |
| 3-11 | | 38259 | ശ്രീ.അബ്ദുൾ നാസർ,അസി.എഞ്ചിനീയർ |
| 3-12 | | 43350 | ശ്രീ.അബ്ദുൾ നാസർ,അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-14 | | 10282 | ശ്രീ.അബ്ദുൾ നാസർ,അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 65000 | ശ്രീ.അരുൺ അലക്സാണ്ടർ,സെക്രട്ടറി |
| 3-10 | 682747 | ശ്രീ.അബ്ദുൾ നാസർ,അസി.എഞ്ചിനീയർ |
| 3-13 | 247560 | ശ്രീ.അബ്ദുൾ നാസർ,അസി.എഞ്ചിനീയർ |
| 3-15 | 2,00,000 | ശ്രീ.അബ്ദുൾ നാസർ,അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ.നം | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.അരുൺ അലക്സാണ്ടർ,സെക്രട്ടറി | സെക്രട്ടറി<br>വൈത്തിരി ഗ്രാമപഞ്ചായത്ത് | നീലാംവിള വീട്<br>കിഴക്കേതെരുവ് പി.ഒ,കൊട്ടാരക്കര,<br>കൊല്ലം |
| 2 | ശ്രീ.അബ്ദുൾ നാസർ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി ഡിവിഷൻ | നെസ്റ്റ്, പിണങ്ങോട് പി.ഒ |
| 3 | പ്രസാദ്.കെ | മെമ്പർ | കോടിവയൽ വീട്<br>ശ്രീപുരം,ചുണ്ടേൽ |
| 4 | സഫിയ.ഒ.എ | മെമ്പർ | ഓടക്കൽ ഹൗസ്<br>കുഞ്ഞങ്കോട്<br>ചുണ്ടേൽ പി.ഒ |
| 5 | ഷൈനി ദേവസി | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | കണ്ണാട്ടുപറമ്പിൽ ഹൗസ്<br>ചുണ്ടേൽ പി.ഒ |
| 6 | യു.സി.ഗോപി | വൈസ് പ്രസിഡണ്ട് | കാപ്പാട്ടുപറമ്പിൽ ഹൗസ്<br>തളിമല എസ്റ്റേറ്റ്<br>വൈത്തിരി പി.ഒ |
| 7 | ഷൈനി ഉദയകുമാർ | മെമ്പർ | ഉദയം ഹൗസ്<br>വൈത്തിരി പി.ഒ |
| 8 | ഡോളി ജോസ് | ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റ് ചെയർമാൻ | കണിയാമ്പുറം ഹൗസ്<br>ചാരിറ്റി, വൈത്തിരി |

| | | | |
|---|---|---|---|
| 9 | മണികണ്ഠൻ.സി.വി | മെമ്പർ | ചേരിക്കുന്ന് ഹൗസ്<br>പഴയ വൈത്തിരി<br>വൈത്തിരി പി.ഒ |
| 10 | ഉഷാകുമാരി | പ്രസിഡണ്ട് | അനുഗ്രഹ ഹൗസ്<br>ലക്കിടി പി.ഒ |
| 11 | ബഷീർ പൂക്കോടൻ | മെമ്പർ | പൂക്കോടൻ ഹൗസ്<br>പഴയ വൈത്തിരി<br>വൈത്തിരി പി.ഒ |
| 12 | ബീന പ്രകാശ് | മെമ്പർ | പഴങ്കാവിൽ ഹൗസ്<br>ആശുപത്രിക്കുന്ന്<br>വൈത്തിരി |
| 13 | വിജേഷ്.എം.വി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | വിജേഷ് നിവാസ് ഹൗസ്<br>പന്ത്രണ്ടാം പാലം<br>വൈത്തിരി |
| 14 | സലീം മേമന | മെമ്പർ | മേമന ഹൗസ്<br>പന്ത്രണ്ടാം പാലം<br>വൈത്തിരി |
| 15 | എൽസി ജോർജ്ജ് | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റ് ചെയർമാൻ | അറക്കൽ ഹൗസ്<br>വട്ടവയൽ<br>വൈത്തിരി |
| 16 | പി.ടി.വർഗ്ഗീസ് | മെമ്പർ | പുന്നക്കാട്ട് ഹൗസ്<br>ചേലോട്,വൈത്തിരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF(W)P3/516 തീയതി 3.7.98 | |
| 1997-98 | LF(W) P1/109/09 തീയതി 5.2.09 | |
| 1998-99 | LF(W) P3/674/00തീയതി 29.11.02 | |
| 1999-00 | LF(W) P3/84/00തീയതി 6.8.03 | |
| 2000-01 | LF(W) P1/753/10 തീയതി 12.11.10 | |
| 2001-02 പ്ലാൻ | LF(W) P3/103/04 തീയതി 3.8.06 | |
| 2001-02 | LF(W) P1/254/06 തീയതി 26.2.08 | |
| 2002-03 | LF(W) P1/745/10 തീയതി 12.11.10 | |
| 2003-04 | LF(W) P1/501/10 തീയതി 12.11.10 | |
| 2004-05 | LF(W) P1/748/10 തീയതി 12.11.10 | |
| 2005-06 | LF(W) P1/699/10 തീയതി 28.10.10 | |
| 2006-07 | LF(W) P1/260/14 തീയതി 22.8.14 | |
| 2007-08 | LF(W) P1/613/10 തീയതി 12.11.10 | |
| 2008-09 | LF(W) P1/622/10 തീയതി 26.3.13 | |
| 2009-10 | LF(W) P1/374/10 തീയതി 5.9.12 | |
| 2010-11 | LF(W) P1/507/13 തീയതി 3.4.14 | |
| 2011-12 | LF(W) P1/370/14 തീയതി 23.8.14 | |
| 2012-13 | LF(W) P1/824/14 തീയതി 17.12.14 | |
| 2013-14 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-476/15 തിയ്യതി .....10.2015 | |

| | | |
|---|---|---|
| 2014-15 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-375/16 തിയ്യതി 10.6.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.)പി/809/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി :01.12.2016

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.WYD.P1-809/2016

Kerala State Audit Department

District Audit Office,
Wayanad, Kalpetta ,
Dated: 01/12/2016.
Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Vythiri grama. Panchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Vythiri Gramapanchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Senior Deputy

Director

District office, Wayanad.